(ബി) അരി (കിലോഗ്രാമിന്)

ബി. പി. എൽ.	6 രൂപ 20 പൈസ
എ. പി. എൽ.	8 രൂപ 90 പൈസ
എ. എ. വൈ	3 രൂപ
ഗോതമ്പ്	6 രൂപ 70 പൈസ
പഞ്ചസാര	13 രൂപ 50 പൈസ
മണ്ണെണ്ണ (ലിറ്ററിന്)	9 രൂപ 30 പൈസ മുതൽ 9 രൂപ 50 പൈസ വരെ

(സി) റേഷൻ സാധനങ്ങളുടെ 2000-ലെ പ്രതിമാസ ശരാശരി വില്പനയും നിലവിലുള്ള പ്രതിമാസ ശരാശരി വില്പനയും ചുവടെ ചേർക്കുന്നു :

	2000	2003
അരി	54718 മെട്രിക് ടൺ	36641 മെട്രിക് ടൺ
ഗോതമ്പ്	5356 മെട്രിക് ടൺ	13074 മെട്രിക് ടൺ
പഞ്ചസാര	13752 മെട്രിക് ടൺ	89 മെട്രിക് ടൺ
മണ്ണെണ്ണ	33006 കിലോ ലിറ്റർ	25391 കിലോ ലിറ്റർ

റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ

56 (1110) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് ഒരു മാസത്തേക്ക് വിതരണത്തിന് ആവശ്യമായ അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി കേന്ദ്രം അനുവദിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ അളവ് എത്രയാണ് ;

(സി) ഇത് മുഴുവനും സംസ്ഥാന ഗവൺമെന്റ് വാങ്ങുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ ഇവയിൽ എത്രത്തോളം കാർഡുടമകൾക്ക് വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2002-2003-ൽ വർഷത്തെ റേഷൻ വിതരണത്തിന്റെ അടിസ്ഥാനത്തിൽ ഒരു മാസം വിതരണം ചെയ്യാൻ ആവശ്യമായ റേഷൻ സാധനങ്ങളുടെ ശരാശരി കണക്ക് ചുവടെ ചേർക്കുന്നു :

	എ. പി. എൽ. അരി	478 മെട്രിക് ടൺ
	ബി. പി. എൽ. അരി	26841 മെട്രിക് ടൺ
	എ. എ. വൈ അരി	8972 മെട്രിക് ടൺ
	അന്നപൂർണ്ണ അരി	350 മെട്രിക് ടൺ
	ഗോതമ്പ്	13074 മെട്രിക് ടൺ
	മണ്ണെണ്ണ	29679 കിലോ ലിറ്റർ
(ബി)	എ. പി. എൽ. അരി	113420 മെട്രിക് ടൺ
	ബി. പി. എൽ. അരി	46047 മെട്രിക് ടൺ
	എ. എ. വൈ അരി	8337 മെട്രിക് ടൺ
	അന്നപൂർണ്ണ അരി	
	2000-01 ൽ	4700 മെട്രിക് ടൺ
	2001-02 ൽ	4514 മെട്രിക് ടൺ
	ഗോതമ്പ്	37325 മെട്രിക് ടൺ
	മണ്ണെണ്ണ	24011 കിലോ ലിറ്റർ

(സി) എ. പി. എൽ./ബി. പി. എൽ. കാർഡുടമകൾക്കുള്ള അരി, ഗോതമ്പ് എന്നിവ മുഴുവനും വാങ്ങുന്നില്ല. മണ്ണെണ്ണ പൂർണ്ണമായി വാങ്ങുന്നുണ്ട്.

(ഡി) എല്ലാ കാർഡുകൾക്കും നൽകുന്നതിനുള്ള അരി ലഭ്യമാണ്. എന്നാൽ എല്ലാവരും അരിയും ഗോതമ്പും വാങ്ങാത്തതിനാൽ കേന്ദ്രം അലോട്ടുചെയ്യുന്ന അരിയിൽ വിതരണത്തിന് ആവശ്യമുള്ളതുമാത്രമേ വാങ്ങുന്നുള്ളൂ. മണ്ണെണ്ണയും കാർഡുടമകൾക്ക് നിശ്ചിതതോതിൽ വിതരണം ചെയ്യുന്നുണ്ട്. കേന്ദ്രത്തിന്റെ അലോട്ട്മെന്റ് കുറവായതിനാൽ ഗാർഹിക-ഗാർഹികേതര പെർമിറ്റുകൾക്കുള്ള മണ്ണെണ്ണയുടെ അളവിലാണ് കുറവു വരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly